**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4279** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. ഇനത്തിൽ ലഭിക്കാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ ലഭിക്കാനുള്ള തുക എത്രയാണ്; ഇത് ലഭിക്കുന്നതിന് തടസ്സമായിട്ടുള്ളത് ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കാത്തത് ആണ് എന്ന കേന്ദ്ര ധനകാര്യ മന്ത്രിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.<br><br>ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനും ആണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ